**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** **30-06-2022 - ൽ മറുപടിയ്ക്ക്**

**പ്രളയ ഭീഷണി നേരിടുന്നതിന് മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രളയ ഭീഷണി നേരിടുന്നതിനായി പ്രധാന നദികളെ അടിസ്ഥാനമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (എ) | നദീതടത്തെ ആകെ പഠന വിധേയമാക്കിക്കൊണ്ടുള്ള നദീതടമാസ്റ്റർ പ്ലാൻ നിലവിൽ തയ്യാറാക്കിയിട്ടില്ല. നദീതടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലൂടെ നദീ തടത്തിലെ ജലവിഭവത്തിന്റെ ലഭ്യതയും ആവശ്യകതയും മനസിലാക്കി കാര്യക്ഷമമായ ഉപയോഗവും വികസനപ്രവർത്തനങ്ങളുടെ സംയോജിത ആസൂത്രണവും സാധ്യമാകുന്നതാണ്. നദീതട മാസ്റ്റർ പ്ലാനുകളുടെ സഹായത്തോടെ നേരിട്ട് പ്രളയത്തെ പ്രതിരോധിക്കാൻ ആവുകയില്ലെങ്കിലും, ഇതിന്റെ അടിസ്ഥാനത്തിൽ ജലം വഴിതിരിച്ചു വിടാനോ സംഭരിക്കുവാനോ ഉൾകൊള്ളു വാനോ ആവശ്യമായ നിർമ്മിതികൾ/ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നതിലൂടെ ഒരു പരിധിവരെ പ്രളയത്തെ നിയന്ത്രിക്കാനാകും.<br><br>വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണം ഉണ്ടെങ്കിൽ മാത്രമേ നദീതട മാസ്റ്റർ പ്ലാനുകൾ രൂപപ്പെടുത്തുവാനും ആസൂത്രണ/ നിർവ്വഹണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാനും സാധിക്കുകയുള്ളു.<br><br>സംസ്ഥാനത്തിലെ പ്രധാന നദികളായ ഭാരതപ്പുഴ, പെരിയാർ, പമ്പ, ചാലിയാർ, മണിമല തുടങ്ങിയവയുടെ മാസ്റ്റർ പ്ലാനുകളാണ് പ്രാരംഭഘട്ടത്തിൽ തയ്യാറാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുവേണ്ട പ്രാഥമിക വിവര ശേഖരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നദീതടവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ | (ബി) | പരിശോധിച്ചിട്ടുണ്ട്. കേരളത്തിലെ നദികളുടെ |

| | | | |
|---|---|---|---|
| | ഏകോപിപ്പിക്കുന്നതിനായി സംസ്ഥാനതല റിവർ അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | | സംരക്ഷണവും സുസ്ഥിര പരിപാലനവും ലക്ഷ്യമിട്ട് "റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (ആർ.ബി.സി.എം.എ)" രൂപീകരിക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിനുള്ള കരട് ബില്ല് സർക്കാരിന്റെ പരിശോധനയിലാണ്. റിവർ ബേസിൻ അതോറിറ്റി രൂപീകരണത്തിന് കേരള പുനർ നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 8 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ